"ഭരണഭാഷ മാതൃഭാഷ"

WCD/E4/2825/22

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 03/02/2022
ഇ മെയിൽ:directorate.wcd@kerala.gov.in
ഫോൺ നം :0471-2346534

## പരിപത്രം

വിഷയം: വനിതശിശു വികസന വകുപ്പ്- ജീവനക്കാര്യം- വർക്ക് ഫ്രം ഹോം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 14/01/2022 തീയതിയിലെ സ.ഉ(സാധാ)നം 40/2022/DMD നമ്പർ ഉത്തരവ്

2. 20/01/2022 തീയതിയിലെ സ.ഉ(സാധാ)നം 68/2022/DMD നമ്പർ ഉത്തരവ്

കോവിഡ് വൈറസിന്റെ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്ന ഗർഭിണികൾ, രണ്ടു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്ര രോഗ ബാധിതർ, എന്നിവർക്ക് Work From Home അനുവദിക്കാവുന്നതാണ് എന്ന് സൂചന(1), (2) ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

ആയതിൻ പ്രകാരം വർക്ക് ഫ്രം ഹോം അനുവദിക്കുന്നതിന് വേണ്ടി നിരവധി അപേക്ഷകളാണ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് അനുമതിയ്ക്കായി ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ Work From Home അപേക്ഷകൾ,ഓഫീസ് മേധാവി മുഖാന്തിരം ബന്ധപ്പെട്ട ജില്ലാ വനിതശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതും, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് , കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ പ്രസ്തുത ഉത്തരവുകൾക്ക് എന്തെങ്കിലും ഭേദഗതി നിലവിൽ വരുന്നത് വരെ , ജീവനക്കാരുടെ അപേക്ഷയിന്മേൽ വർക്ക് ഫ്രം ഹോം അനുവദിക്കുന്നതിന് വേണ്ട നടപടി അതാത് ജില്ലാ വനിതശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

Sreevals

വനിതശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും
എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

സ്റ്റോക്ക് ഫയൽ/സ്പെയർ